**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം - സുൽത്താൻ ബത്തേരി ബ്ലോക്കിലെ മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയിരുന്ന ശ്രീ.മനോജിത് പസന്തിന്റെ 5.6.2004 മുതൽ 28.11.2004 വരെയുള്ള സസ്പെൻഷൻ കാലയളവ് - ക്രമീകരിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ. ഉ. (സാധാ)നമ്പർ 887 /2016 /തസ്വഭവ, തിരുവനന്തപുരം, തീയതി, 27.02.2016

---

പരാമർശം :-

1. സ.ഉ.(സാധാ)നം.180/2004/വിജ്, തീയതി 5.6.2004.
2. സ.ഉ.(സാധാ)നം.343/2004/വിജ്, തീയതി 29.11.2004.
3. സ.ഉ.(സാധാ) നം.4182/2005/തസ്വഭവ, തീയതി 18.10.2005
4. ബഹു.എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്. 04/2004)കേസിന്മേലുള്ള വിധിന്യായം.
5. 9.10.2015-ൽ മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.മനോജിത് പസന്ത് സമർപ്പിച്ച അപേക്ഷ.
6. 9.10.2015, 2.12.2015 എന്നീ തീയതികളിലെ 27662/എസ്റ്റാഎ4/06/സിആർഡി നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ശ്രീ.മനോജിത് പസന്ത് സുൽത്താൻ ബത്തേരി ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ആയിരിക്കെ ഫർണീച്ചർ, മൈക്ക് സെറ്റ്, സ്പോർട്ട്സ് കിറ്റ് തുടങ്ങിയവ വാങ്ങിയതിലെ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (1)പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, ടിയാനെതിരെയുള്ള വിജിലൻസ് കേസിന്റെ (VC/04/PKD) അന്വേഷണം തുടർന്നു കൊണ്ടിരിക്കെ പരാമർശം (2) പ്രകാരം ടിയാനെ സർവ്വീസിൽ പുന-പ്രവേശിപ്പിക്കുകയുമുണ്ടായി.

തുടർന്ന് ഗ്രാമവികസന കമ്മീഷണർ 13.12.2004 തീയതിയിൽ ടിയാനെ സർവ്വീസിൽ പുന-പ്രവേശിപ്പിച്ച് പട്ടാമ്പി ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറായി നിയമിക്കുകയും ചെയ്തിരുന്നു. ടിയാൻ നിയമനത്തിനു വേണ്ടി കാത്തു നിന്ന 29.11.2004 മുതൽ 19.12.2004 വരെയുള്ള ഇടവേള കാലയളവ് പരാമർശം (3) പ്രകാരം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവായിരുന്നു. സൂചന (4)പ്രകാരമുള്ള വിധിന്യായത്തിൽ ശ്രീ.മനോജിത് പസന്തിനെ കുറ്റവിമുക്തനാക്കിയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ 05.06.2004 മുതൽ 28.11.2004 വരെയുള്ള സസ്പെൻഷൻ കാലം ശമ്പളവും അലവൻസുകളും

ഉൾ പ്പെടെയുള്ള കാര്യങ്ങൾക്ക് ഡ്യൂട്ടിയായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (5) പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീ .മനോജിത് പസന്തിനെതിരെ വിജിലൻസ് കേസോ, അച്ചടക്ക നടപടിയോ വകുപ്പുതല നടപടിയോ നിലവിലില്ലായെന്നും സി.സി.33/05 നമ്പർ കേസിൽ ബഹു.വിജിലൻസ് കോടതി ടിയാനെ പൂർണ്ണമായും കുറ്റവിമുക്തമാക്കിയിട്ടുള്ളതിനാൽ ടിയാന്റെ 5.6.2004 മുതൽ 28.11.2004 വരെയുള്ള സസ്പെൻഷൻ കാലയളവ് എല്ലാവിധ ആനുകൂല്യങ്ങളോടു കൂടിയുള്ള സർവ്വീസായി പരിഗണിച്ച് ക്രമീകരിക്കാവുന്നതാണെന്ന് പരാമർശം (6) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സുൽത്താൻ ബത്തേരി ബ്ലോക്കിൽ ബ്ലോക്ക് ഡെവലപ് മെന്റ് ഓഫീസർ ആയിരുന്ന ശ്രീ.മനോജിത് പസന്തിനെ ടിയാന്റെ സസ്പെൻഷന് ആധാരമായ കേസിൽ നിന്നും കുറ്റവിമുക്തനാക്കിക്കൊണ്ട് കോഴിക്കോട് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ടിയാന്റെ 5.6.2004 മുതൽ 28.11.2004 വരെയുള്ള സസ്പെൻഷൻ കാലം KSRs Part I Rule 56 B(3), (4) പ്രകാരം ശമ്പളവും അലവൻസുകളും (ഉപജീവന ബത്ത കഴിച്ചുള്ള) ഉൾപ്പെടെ എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി കണക്കാക്കി ക്രമീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഡേവിഡ് മിൽട്ടൻ
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.മനോജിത് പസന്ത്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, മലമ്പുഴ ബ്ലോക്ക്
(മുൻ ബി.ഡി.ഒ, സുൽത്താൻ ബത്തേരി ബ്ലോക്ക്) -ഗ്രാമവികസന കമ്മീഷണർ മുഖേന
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ & ഇ)/ആഡിറ്റ്, കേരള, തൃശൂർ.
തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ് (ഫയൽ നം.ഇആർഎ 2/253/2015/തസ്വഭവ പ്രകാരം)
തദ്ദേശസ്വയംഭരണ (ഒഎസ്) വകുപ്പ്
ഇൻഫർമേഷൻകേരള മിഷൻ, തിരുവനന്തപുരം
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ